## 1138

യേശുവിന്നരികിൽ വാ പാപി!
ഈശൻ നിൻ ദുരിതങ്ങൾ തീർത്തിടും വേഗം

1 പാപത്തിൽ വളർന്നു നീ നരകത്തീയിൽ വീണു
താപത്താലെരിയാതെ വരിക വൈകാതെ-

2 നിൻപാപമഖിലവും തൻ കണ്ണിന്നു മുമ്പാകെ
കാണുന്നായതിനാലെ താണു നീ വേഗം-

3 പാപിക്കാശ്രയമായി താനല്ലാതെയില്ലാരും
പാദേ ചേർന്നിടുന്നോരെ പാലിക്കുന്നോരു-

4 ആണിപ്പാടുകളുള്ള പാണി നീട്ടിയും കൊണ്ടു
ക്ഷീണരെ വിളിക്കുന്നു കാണുന്നില്ലേ നീ?-

5 ഒന്നുകൊണ്ടുമെൻ ചാരേ വന്നിടും നരരെ ഞാൻ
നിന്ദിച്ചു ത്യജിക്കയില്ലെന്നു ചൊന്നൊരു-

6 നിന്നെ നോക്കിയും കൊണ്ടു കണ്ണുനീർ ചൊരിയുന്നു
പിന്നെയെന്നു നീ ചിത്തേ ചിന്തിച്ചിടാതെ-

7 ഉന്നതൻ വിളികേട്ടു പിന്നാലെ വരികെന്നാൽ
പൊന്നുലോകത്തിലെന്നും സാമോദം വാഴാം- **T.J.V.**